**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 221** **04-10-2021 - ൽ മറുപടിയ്ക്ക്**

**കോവിഡാനന്തര രോഗങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് 19 രോഗം ഭേദമായവർക്ക് കോവിഡാനന്തര രോഗങ്ങൾ ബാധിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | കോവിഡ് 19 രോഗം ഭേദമായവർക്ക് കോവിഡാനന്തര രോഗങ്ങൾ ബാധിക്കുന്നത് സംബന്ധിച്ച് തൃശ്ശൂർ മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം ഒരു പഠനം നടത്തിയിട്ടുണ്ട്. കോവിഡ് ബാധിച്ച് 25 ദിവസം കഴിഞ്ഞിട്ടും മൂന്നിൽ രണ്ടു പേർക്കും പലവിധ കോവിഡ് സംബന്ധിച്ച ബുദ്ധിമുട്ടുകൾ നിലനിന്നിരുന്നു എന്നാണ് ഈ പഠനത്തിൽ വ്യക്തമായത്. തിരുവനന്തപുരം, കോട്ടയം, കൊല്ലം മെഡിക്കൽ കോളേജുകളിൽ ഇത് സംബന്ധിച്ച് പഠനം നടന്നു വരുന്നു. ആലപ്പുഴ, മഞ്ചേരി മെഡിക്കൽ കോളേജുകളിൽ പഠനം ആരംഭിക്കുന്നു. കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ പോസ്റ്റ് കോവിഡ് സിൻഡ്രോമിന് ചികിത്സ തേടുന്ന രോഗികളുടെ പ്രശ്നങ്ങളും അവയുടെ പരിഹാര മാർഗ്ഗങ്ങളും പഠിക്കുന്നതിനായി രണ്ട് ഗവേഷണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | കോവിഡാനന്തര രോഗങ്ങൾ ബാധിച്ചവർക്ക് ചികിത്സ നൽകുന്നതിൽ പ്രത്യേക സൗകര്യങ്ങൾ എന്തെങ്കിലും ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ? | (ബി) | സംസ്ഥാനത്ത് കോവിഡ് രോഗം വന്ന് രോഗമുക്തി നേടിയവരിൽ വിവിധതരം ആരോഗ്യ പ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് പ്രാഥമികാരോഗ്യ കേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെയുള്ള എല്ലാ സർക്കാർ ആശുപത്രികളിലും സ്വകാര്യ ആശുപത്രികളിലും പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ ആരംഭിച്ച് വിദഗ്ധ ചികിത്സ ലഭ്യമാക്കി വരുന്നു. കോവിഡ് മുക്തരായ എല്ലാ രോഗികൾക്കും പോസ്റ്റ് കോവിഡ് ക്ലിനിക്കിന്റെ പ്രയോജനം ലഭിക്കുന്നതാണ്. നിസ്സാരമായ ക്ഷീണവും കിതപ്പും മുതൽ ഗുരുതരമായ ഹൃദ്രോഗങ്ങൾ വരെ പോസ്റ്റ് കോവിഡ് സിൻഡ്രോമിൽ ഉൾപ്പെടുന്നു. ഈ രോഗങ്ങളെ മുൻകൂട്ടി കണ്ടെത്തുന്നതിനും അവയ്ക്ക് ഫലപ്രദമായ ചികിത്സ നൽകുന്നതിനും തുടർ ചികിത്സ നൽകുന്നതിനുമാണ് പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ |

| | | | |
|---|---|---|---|
| | | | സ്ഥാപിച്ചിരിക്കുന്നത്. നിസ്സാര ലക്ഷണമുള്ളവരെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ചികിത്സിക്കുകയും തുടർ ചികിത്സ ആവശ്യമുള്ളവരെയും ഗുരുതര രോഗലക്ഷണങ്ങളുള്ളവരെയും താലൂക്കാശുപത്രികളിലും ജില്ലാ ആശുപത്രികളിലും പ്രവർത്തിക്കുന്ന സ്പെഷ്യാലിറ്റി ക്ലിനിക്കുകളിലേക്ക് റഫർ ചെയ്യുകയും ചെയ്യുന്നു. കൂടാതെ, മെഡിക്കൽ കോളേജുകളിലെ എല്ലാ വിഭാഗങ്ങളിലും പ്രത്യേകിച്ച് മെഡിസിൻ, കാർഡിയോളജി, റെസ്പിറേറ്ററി മെഡിസിൻ എന്നീ വിഭാഗങ്ങളിലെ എല്ലാ സൗകര്യങ്ങളും ഇതിനായി ഉപയോഗപ്പെടുത്തി വരുന്നു. |

സെക്ഷൻ ഓഫീസർ